# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3856**. **21-10-2016 ൽ മറുപടിയ്ക്ക്**

## തരിശു കിടക്കുന്ന പാടശേഖരം

| **ചോദ്യം**<br>ശ്രീ.മുരളി പെരുനെല്ലി | | | **മറുപടി**<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ തണ്ണീർക്കായൽ പാടശേഖരം 40 വർഷമായി തരിശു കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പാടശേഖരം കൃഷിക്ക് അനുയോജ്യമാക്കാനായ വിധം തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | പമ്പ്സെറ്റ്, ബണ്ട് നിർമ്മാണം, ജല നിർഗ്ഗമന ചാലുകൾ, മോട്ടോർ തറ, പമ്പ്ഹൗസ് മുതലായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഉൾപ്പെടുത്തി 88 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. മേൽ സൂചിപ്പിച്ച 88 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഇറിഗേഷൻ ചാൽ നിർമ്മാണത്തിനായി കർഷകരുടെ ഭൂമി സറണ്ടർ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നു. എന്നാൽ 22/09/2016-ൽ കൂടിയ കർഷകരുടെ യോഗത്തിൽ സ്ഥലം സറണ്ടർ ചെയ്യുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് നിലവിലുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത പാടശേഖരത്തിൽ കൃഷി ഇറക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾക്കായി സഹായം നൽകാൻ തയ്യാറാകുമോ? | (സി) | ഈ വർഷം സംസ്ഥാനത്ത് 2000 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വരുന്ന വർഷം ചുരുങ്ങിയത് 5000 ഹെക്ടർ പ്രദേശത്തുകൂടി തരിശുനില കൃഷി പരിപാടി വ്യാപിപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ